# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: T 697

11.12.2012-ൽ മറുപടിക്ക്

## കൊച്ചി മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

ചോദ്യം

ശ്രീ. റ്റി.വി. രാജേഷ്

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ജനങ്ങളുടെ ആശങ്ക ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാം ;

ഉത്തരം

ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിനുവേണ്ടി കൊച്ചി-മംഗലാപുരം ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിക്കായി എസ്.വി/ഐ.പി. സ്റ്റേഷനുകൾക്കായി 1894-ലെ പൊന്നും വില നിയമ പ്രകാരവും പൈപ്പ്ലൈനിനുവേണ്ടി 1962-ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ ആക്ട് അനുസരിച്ച് ROU എന്ന നിലയിൽ ഭൂമി ഉപയോഗിക്കുന്നതിനുള്ള അവകാശവും സംബന്ധിച്ച് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1) പ്രാഥമിക സർവ്വെ നടത്തി വിദഗ്ദ്ധരുടെ അഭിപ്രായ പ്രകാരം റൂട്ട് നിർണ്ണയം നടത്തി.

2) കേന്ദ്ര സർക്കാരിന്റെയും കമ്പനി ബോർഡിന്റെയും അനുമതി ലഭിച്ച ശേഷം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.

3) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ അനുബന്ധ സ്റ്റാറ്റ്യൂട്ടറി പെർമിഷനുകൾക്കായി അപേക്ഷ നൽകുകയും അതിനുള്ള പെർമിഷൻ ലഭിക്കുകയും ചെയ്തു.

4) 1962-ലെ പെട്രോളിയം ധാതു പൈപ്പ് ലൈൻ ആക്ട് പ്രകാരം കോമ്പിറ്റന്റ് അതോറിറ്റിയെ (C.A.) നിയമിക്കുകയും അദ്ദേഹം ആക്ട് പ്രകാരമുള്ള 3(1), 6(1) നോട്ടിഫിക്കേഷൻ 7 ജില്ലകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായുള്ള Right of use (ROU) നടപടികൾ നടത്തി വരുന്നു.

5) പൈപ്പ് ലൈൻ പദ്ധതിക്കുള്ള പൈപ്പ് നിർമ്മിച്ച് പൈപ്പയാർഡുകളിൽ വിന്യസിച്ചു കഴിഞ്ഞു.

6) കരാറടിസ്ഥാനത്തിലുള്ള കോൺട്രാക്ട്; പൈപ്പ് ലൈൻ നിർമ്മാണത്തിനു നൽകി.

7) സെക്ഷനൈസിംഗ് വാൽവ് (SV/IP) സ്റ്റേഷൻ 31 എണ്ണത്തിനു വേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

8) കേരളത്തിൽ 900-ൽ പരം റോഡ്, തോട്, പുഴ, റയിൽ മുതലായവ മുറിച്ചു കടക്കുവാനുള്ള അനുവാദം സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്.

ജനങ്ങളുടെ ആശങ്ക ഒഴിവാക്കാനായി പഞ്ചായത്തു തലത്തിൽ ബോധവൽക്കരണം ഗെയിൽ നടത്തികൊണ്ടിരിക്കുന്നു. കൂടാതെ പത്രമാദ്ധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണവും നടത്തി ക്കൊണ്ടിരിക്കുന്നു.

**(ബി)** കണ്ണൂർ ജില്ലയിൽ പൈപ്പ് ലൈൻ കടന്നു പോകുന്നത് ഏതൊക്കെ പ്രദേശത്തു കൂടിയാണ് ;

**(ബി)** കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ കടവത്തൂർ, കണ്ണങ്കോട്, പാലട്ടായി, എളംങ്കോട്, പുതൂർ, പാനൂർ, മൊകേരി, പാട്യം, കോങ്ങാട്ട, എരുവട്ടി, കൂവപ്പാട്, ഒളായിക്കര, പറമ്പായി, പാതിരിയാട്, കൈദേരിപ്പൊയ്യിൽ, കുന്നിരിക്ക, ചമ്പാട്, കുലാട്ട്മല, കണ്ണൂർ താലൂക്കിലെ അഞ്ചരക്കണ്ടി, കാമത്ത്, മാമ്പ, തട്ടിയോട്, തലമുണ്ട, കൂടാലി, കാഞ്ഞിരോട്, പൊറവീർ, മുണ്ടേരി തളിപ്പറമ്പ് താലൂക്കിലെ മണിയൂർ, മയ്യിൽ കയരളം, മുല്ലക്കോടി, കുറുമാത്തൂർ, നാണിച്ചേരി, പാണക്കാട്, പൂമംഗലം, കുറ്റിയേരി, ഇരിങ്ങൽ, പരിയാരം, കടന്നപ്പള്ളി, ചെറുവാച്ചേരി, മണിയറ, കൈതപ്രം, എരമം, പടവന്നൂർ, കുറുവേലി, ആലപ്പടമ്പ്, പുതൂർ എന്നീ പ്രദേശങ്ങളിലൂടെയാണ് പ്രകൃതി വാതക പൈപ്പ് ലൈൻ കടന്നു പോകുന്നത്.

(സി) ഭൂമി നഷ്ടപ്പെടുന്ന സ്ഥലമുടമകൾക്ക് എന്ത് നഷ്ടപരിഹാരം നൽകാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ ?

(സി) ROU അക്വിസിഷൻ വഴി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമപ്രകാരം മാർക്കറ്റ് വിലയുടെ 10% മാത്രമേ നഷ്ട പരിഹാര തുക നൽകുവാൻ സാധിക്കുകയുള്ളു. ഇതുമായി ബന്ധപ്പെട്ട് 17.09.2012 ജി.ഒ.(ആർ.ടി.)5208/12/RD നമ്പർ സർക്കാർ ഉത്തരവ് അടിസ്ഥാനത്തിൽ ഭൂ വില കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകളുമായി ഉഭയ കക്ഷി ചർച്ചയിലൂടെ വില നിശ്ചയിക്കുവാൻ ജില്ലാതല പർച്ചേസ് കമ്മറ്റിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ കാർഷിക വിളകൾക്ക് കൃഷി വകുപ്പിൽ നിന്നും നിർദ്ദേശിച്ച തോതിലുള്ള നഷ്ടപരിഹാരവും, റബ്ബറിനു റബ്ബർ ബോർഡിൽ നിന്നും നിർദ്ദേശിച്ച തോതിലുള്ള നഷ്ടപരിഹാരവും നിയമാനുസരണം കോമ്പിറ്റന്റ് അതോറിറ്റി നഷ്ടപരിഹാരം പ്രഖ്യാപിച്ച് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.